ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# അശ്വമേധം 6.0

പാടുകൾ നോക്കാം...
ആരോഗ്യം കാക്കാം...

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സന്ദേശം

സമൂഹത്തിൽ ഒളിഞ്ഞുകിടക്കുന്ന കുഷ്ഠരോഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാന ആരോഗ്യവകുപ്പ് ദേശീയ കുഷ്ഠരോഗവിരുദ്ധ ദിനമായ 2025 ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ 'അശ്വമേധം 6.0' എന്ന പേരിൽ ഒരു ക്യാമ്പയിൻ നടത്തുകയാണ്.

മറ്റേതു രോഗവും പോലെ കുഷ്ഠരോഗവും ആർക്കും പിടിപെടാം.
നമ്മുടെ സമൂഹത്തിൽ ഇപ്പോഴും കുഷ്ഠരോഗമുണ്ട്.
ഏത് സാമൂഹ്യ, സാമ്പത്തിക സാഹചര്യങ്ങളിലുള്ളവർക്കും ഈ രോഗം വരാം.

കുഷ്ഠരോഗം വായുവിലൂടെയാണ് പകരുന്നത്.
മൈക്കോബാക്ടീരിയം ലെപ്രെ എന്ന ബാക്ടീരിയയാണ് രോഗകാരി.

തൊലിപ്പുറത്തു കാണപ്പെടുന്ന സ്പർശനശേഷി കുറഞ്ഞ, നിറം മങ്ങിയതോ ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ, തടിച്ചതും തിളക്കമുള്ളതുമായ ചർമം, വേദനയില്ലാത്ത വ്രണങ്ങൾ, കൈകാലുകളിലെ മരവിപ്പ്, വൈകല്യം, കണ്ണ് അടയ്ക്കാനുള്ള പ്രയാസം എന്നിവ കുഷ്ഠരോഗ ലക്ഷണങ്ങളാകാം.

നിങ്ങളുടെ ശരീരത്തിൽ ഇത്തരം പാടുകളുണ്ടോ എന്ന് സ്വയം പരിശോധിക്കുക. പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകർ ഈ ക്യാമ്പയിൻ കാലയളവിൽ നിങ്ങളുടെ വീടുകളിലെത്തുമ്പോൾ അവരുമായി സഹകരിക്കുക. എന്തെങ്കിലും ലക്ഷണങ്ങൾ കണ്ടെത്തുകയാണെങ്കിൽ ആ വിവരം ആരോഗ്യപ്രവർത്തകരെ അറിയിക്കുകയും മടി കൂടാതെ ചികിത്സിക്കുകയും ചെയ്യുക.

കുഷ്ഠരോഗത്തിനുള്ള ചികിത്സ എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലും സൗജന്യമായി ലഭിക്കും.

ആരംഭത്തിലേ കണ്ടെത്തിയാൽ വൈകല്യങ്ങൾ തടയാനും രോഗം പൂർണ്ണമായും ചികിത്സിച്ചു ഭേദമാക്കാനും കഴിയും.

കുഷ്ഠരോഗബാധിതരുമായി സമ്പർക്കം പുലർത്തേണ്ടി വന്നിട്ടുള്ള കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ തുടങ്ങിയവർ രോഗബാധ തടയുന്നതിനുള്ള മുൻകരുതലായി, ഡോക്ടറുടെ നിർദ്ദേശാനുസരണം, ഒറ്റ ഡോസ് റിഫാമ്പിസിൻ ഗുളിക കഴിക്കേണ്ടതാണ്.

**കുഷ്ഠരോഗികളെ അകറ്റിനിർത്താതെ അവരോട് നമുക്ക് സ്നേഹത്തോടെ പെരുമാറാം.
'അശ്വമേധം 6.0' വിജയിപ്പിക്കാൻ നാമോരോരുത്തർക്കും ആത്മാർത്ഥമായി ശ്രമിക്കാം.**